രാമവർമ്മതമ്പുരാൻ.—അവരുടെ സമ്പളം ഉൾപ്പടെ ഏകദേശം ഒരു മാസത്തിൽ അൻപതോ അറുപതോ ഉറുപ്പിക വരുമായിരിക്കാം.

Irregular disbursement of stipends to Depressed Classes pupils.

251. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃത വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പൻഡ് ന്യായമായും കൃത്യസമയത്തും കുട്ടികൾക്കു കിട്ടുന്നില്ലെന്നുള്ള ആക്ഷേപം വല്ലതും ഗവർമ്മെണ്ടിലേക്കു കിട്ടീട്ടുണ്ടോ; ഉണ്ടെങ്കിൽ ആ വിഷയത്തിൽ എന്തു ചെയ്തു?

രാമവർമ്മതമ്പുരാൻ.—പള്ളുരുത്തി എസ്. എസ്. സ്കൂളിൽ പഠിക്കുന്ന ഇണ്ണാത്തി എന്ന വിദ്യാർത്ഥി സ്റ്റൈപ്പൻഡ് കിട്ടുന്നില്ലെന്നു പറഞ്ഞ് ഒരു ഹർജി അയച്ചിരുന്നു. ടി വിദ്യാർത്ഥി വർഷക്ലാസിൽ തോറ്റുപോയതുകൊണ്ടാണ് സ്റ്റൈപ്പൻഡ് അനുവദിക്കാതിരുന്നതെന്ന് അന്വേഷണത്തിൽ അറിയുന്നു.

മിസ്റ്റർ കെ. പി. വള്ളോൻ—ഇതുവരെയും ഒരു ഹർജി മാത്രമെ കിട്ടീട്ടുള്ളോ?

രാമവർമ്മതമ്പുരാൻ.—അതേയുള്ളു.

മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി.—ഒരു കുട്ടി ഒരു ക്ലാസിൽ തോറ്റാൽ പിന്നെ ആ ക്ലാസിൽ പഠിക്കുന്നതിനു് അയാൾക്കു സ്റ്റൈപ്പൻഡ് കൊടുക്കാറില്ലേ?

മിസ്റ്റർ ഐ. എൻ. മേനോൻ.—ഇപ്പോൾ നിലവിലിരിക്കുന്ന രൂൾ പ്രകാരമാണു് സ്റ്റൈപ്പൻഡ് കൊടുത്തുവരുന്നതു്. ഒരിക്കൽ തോറ്റാൽ പിന്നെ അയാൾക്ക് ആ ക്ലാസിൽ സ്റ്റൈപ്പൻഡ് കൊടുക്കാറില്ല. രണ്ടാമതും സ്റ്റൈപ്പൻഡ് കൊടുക്കണമെന്നു ഗവർമ്മെണ്ടു സാങ്ഷൻ വന്നാൽ കൊടുക്കാറുണ്ടു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം—ഇപ്പോൾ നിലവിലിരിക്കുന്ന ആ രൂൾ ഒന്നു മാറ്റരുതോ?

മിസ്റ്റർ ഐ. എൻ. മേനോൻ.—അതിപ്പോൾ മാറ്റാൻ നിവൃത്തിയില്ല. അതിലേക്കു വേണ്ടതു് ആലോചിച്ചു ചെയ്യാമെന്നേ പറയാൻ തരമുള്ളു.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—അധഃകൃത വിദ്യാർത്ഥികൾ ഒരു ക്ലാസിൽ തോറ്റാൽ ഇപ്പോഴത്തെ സാമ്പത്തികാധഃപതനം മൂലം സ്റ്റൈപ്പൻഡു കൊടുത്തില്ലെങ്കിൽ പഠിക്കുന്നതിനു് കുറച്ചധികം ബുദ്ധിമുട്ടുണ്ടു്. ആ നിലക്കു് അവരെ സഹായിക്കണമെന്നു് ആവശ്യപ്പെടുന്നതു യുക്തിപൂർവ്വമല്ലേ?

മിസ്റ്റർ ഐ. എൻ. മേനോൻ.—യുക്തി മറ്റേ ഭാഗത്തും നോക്കണ്ടേ? പണം കൊടുത്താലും പാസാകുന്നില്ലല്ലോ. പിന്നെ എന്തിനാണു കൊടുക്കുന്നതു് എന്നുദ്ദേശിച്ചു് ഗവർമ്മെണ്ടു ചെയ്തിട്ടുള്ള ഒരു നിശ്ചയമാണിതു്. ഇങ്ങനെ ചെയ്യേണ്ടതു്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമാണൊ എന്നുള്ളതു് ആലോചിക്കേണ്ട ഒരു സംഗതിയാണു്.

മിസ്റ്റർ ജോസഫ് പെട്ട.—അധ്യക്ഷത വിദ്യാർത്ഥികളുടെ തോൽവിയേയും ജയത്തേയും അടിസ്ഥാനപ്പെടുത്തിയാണോ സ്റ്റൈപ്പൻറ് കൊടുക്കുന്നതു്; അതോ അവക്കില്ലാവക്കും കൊടുക്കുന്നുണ്ടോ?

മിസ്റ്റർ ഐ. എൻ. മേനോൻ.—ഇതു് സ്കോളർഷിപ്പു കൊടുക്കുന്നതു പോലെ പരീക്ഷ വച്ചിട്ടു കൊടുക്കുന്നതല്ല. എല്ലാവക്കും കൊടുക്കുന്നുണ്ടു്. എന്നാൽ തോറ്റവക്കു രണ്ടാമതും കൊടുക്കണൊ എന്നുള്ളതിനെപ്പറ്റിയാണു് ചോദ്യം വരുന്നതു്. അതാണു് ഇക്കാര്യം ആലോചിച്ചു വേണം ചെയ്യുവാനെന്നു് ഞാൻ ബഹുമാനപ്പെട്ട ക്രാങ്ഗനൂർ മെമ്പരുടെ ചോദ്യത്തിനു് മറുപടി പറഞ്ഞിട്ടുള്ളതു്.

മിസ്റ്റർ ജോസഫ് പെട്ട.—ഇങ്ങനെ ഇതുവരെ തോറ്റിട്ടുള്ള എത്ര കുട്ടികൾക്കു് സ്റ്റൈപ്പൻറ് കൊടുക്കാതെ ഇരിക്കുന്നുണ്ടു്?

Rama Varmha Tampuran.—I want notice.

മിസ്റ്റർ കെ.പി. വള്ളോൻ.—ഈ ഹർജിക്കാരൻ തോല്ക്കാത്ത അവസരത്തിൽ അയാൾക്കു കൊടുക്കാതിരുന്നിട്ടുണ്ടൊ?

രാമവർമ്മതമ്പുരാൻ.—അറിവില്ല. കൊടുത്തിട്ടുണ്ടായിരിക്കാം.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ ഹർജിക്കാരനു് തോറ്റ അവസരത്തിൽ കിട്ടീട്ടില്ലെന്നൊ തോല്ക്കാത്ത അവസരത്തിൽ കിട്ടീട്ടില്ലെന്നൊ ആക്ഷേപമുള്ളതു്?

രാമവർമ്മതമ്പുരാൻ.—ഒരു ഹർജി കണ്ടു; അയാൾ തോറ്റിട്ടുണ്ടെന്നാണു് അറിവു്. അതുകൊണ്ടാണു് സ്റ്റൈപ്പൻറ് കൊടുക്കാത്തതെന്നു് അന്വേഷണത്തിൽ അറിയുന്നു.

House name of the Labour Inspector.

252. മിസ്റ്റർ കെ. പി. വള്ളോൻ.—ലേബർ ഇൻസ്പെക്ടരുടെ വീട്ടുപേരെന്തു്?

രാമവർമ്മതമ്പുരാൻ.—ലേബർ ഇൻസ്പെക്ടർ മിസ്റ്റർ കെ. ആർ ശങ്കരന്റെ വീട്ടുപേർ "കരാട്ടുപറമ്പിൽ" എന്നാണു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ കരാട്ടുപറമ്പിൽകാരും അധ്യക്ഷതസംരക്ഷകനും തമ്മിൽ ബന്ധുക്കളാണെന്നുള്ള വിവരം ഗവർമ്മെണ്ടിനു് അറിവുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഇല്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—അതിനെപ്പറ്റി അന്വേഷിച്ചു പറവാൻ വിരോധമുണ്ടോ?

രാമവർമ്മതമ്പുരാൻ.—അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly